# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>പട്ടികവര്‍ഗ്ഗക്കാര്‍ക്കുള്ള പദ്ധതികള്‍</u>

3823 ശ്രീ. പി.കെ. ബഷീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ പട്ടികവര്‍ഗ്ഗക്കാരുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത് ;

(ബി) പട്ടികവര്‍ഗ്ഗക്കാര്‍ അധിവസിക്കുന്ന പ്രദേശത്ത് റോഡ്, കിണര്‍, വൈദ്യുതി, വീട് മറ്റ് അടിസ്ഥാന സൗകര്യങ്ങള്‍ എന്നിവ ഒരുക്കുന്നതിനായി പ്രത്യേക പദ്ധതികള്‍ നിലവിലുണ്ടോ ;

(സി) എങ്കില്‍ ഇവയ്ക്ക് ഓരോന്നിനും അനുവദിച്ചിട്ടുള്ള ഫണ്ട് എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

ആദിവാസി വിഭാഗങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിന് പദ്ധതികൾ

3824 ശ്രീ. വി. എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസി വിഭാഗങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിന് എന്തെല്ലാം വികസന പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്;

(ബി) ആദിവാസി വിഭാഗങ്ങളുടെ സാമൂഹ്യവും സാംസ്കാരികവുമായ ജീവിതം സംബന്ധിച്ച പഠനങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ചില ആദിവാസി സമൂഹം വംശനാശ ഭീഷണിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തെങ്കിലും പഠനങ്ങൾ ഇത് സംബന്ധിച്ചുണ്ടായിട്ടുണ്ടോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>ആദിവാസി മേഖലകളിൽ സേവന കേന്ദ്രങ്ങൾ</u>

3825 ശ്രീ. സി. പി. മുഹമ്മദ്
,, ബെന്നി ബെഹനാൻ
,, പി. എ. മാധവൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലകളിൽ തൊഴിലവസരങ്ങൾ, ഉന്നതവിദ്യാഭ്യാസം തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ നൽകുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ;

(ബി) ഇതിനായി സേവനകേന്ദ്രങ്ങൾ തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ ;

(സി) സേവനകേന്ദ്രങ്ങളുടെ പ്രവർത്തനരീതി എങ്ങനെയായിരിക്കണമെന്നാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>ആദിവാസി മേഖലകളിൽ സാമൂഹ്യ സംസ്ക്കാരിക കൂട്ടായ്മ</u>

3826 ശ്രീ. റ്റി. എൻ. പ്രതാപൻ
,, വർക്കല കഹാർ
,, ഡൊമിനിക് പ്രസന്റേഷൻ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലകളിൽ സാമൂഹ്യ സാംസ്കാരിക കൂട്ടായ്മ വളർത്തുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) ആയത് കൈവരിക്കുന്നതിനായി ഈ മേഖലകളിൽ കമ്മ്യൂണിറ്റി ഹാളുകൾ നിർമ്മിക്കുന്നകാര്യം പരിഗണിക്കുമോ;

(സി) ഈ ഹാളുകളുടെ നിർമ്മാണചെലവിനുള്ള തുക എങ്ങനെ കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) ഈ സംരംഭത്തിന് സ്വകാര്യ എൻ. ജി. ഒ. പങ്കാളിത്തം തേടുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ധനസഹായ പദ്ധതികൾ</u>

3827 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികൾ, വിധവകൾ, അപകടമരണം സംഭവിച്ച വ്യക്തികളുടേയും ആത്മഹത്യ ചെയ്തവരുടേയും ആശ്രിതർ, മിശ്ര വിവാഹിതർ, മാരകരോഗം ബാധിച്ചവർ, വികലാംഗർ എന്നിവർക്ക് എന്തെല്ലാം ധനസഹായ പദ്ധതികളാണ് നിലവിലുള്ളത് ;

(ബി) ഓരോന്നിന്റേയും വിശദ വിവരവും ബന്ധപ്പെട്ട ഉത്തരവുകളും ലഭ്യമാക്കുമോ ;

(സി) പട്ടികവർഗ്ഗ പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം സംബന്ധിച്ച വിശദവിവരം അറിയിക്കാമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>ആദിവാസി വിഭാഗങ്ങൾക്ക് വീട്</u>

3828 ശ്രീ. കെ. വി. വിജയദാസ്
,, ബി. ഡി. ദേവസ്സി
,, ആർ. സെൽവരാജ്
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും** കാഴ്ചബംഗ്ലാവുകളും മൃഗശാലകളും **വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസി വിഭാഗങ്ങളിൽ വീട് ഇല്ലാത്ത കുടുംബങ്ങൾക്ക് വീട് വെച്ച് കൊടുക്കുന്നതിനുള്ള പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) സംസ്ഥാനത്ത് വീടും ഭൂമിയും ഇല്ലാത്ത എത്ര ആദിവാസി കുടുംബങ്ങൾ ഉണ്ട് ; ഭൂമി ഉണ്ടെങ്കിലും വീട് ഇല്ലാത്തവരെത്ര ;

(സി) നിർമ്മാണച്ചെലവിലെ വർദ്ധനയ്ക്കനുസരിച്ച് വീട് നിർമ്മാണത്തിനുള്ള തുക വർദ്ധിപ്പിച്ചിട്ടുണ്ടോ ;

(ഡി) ഇതനുസരിച്ച് ഇതിലേയ്ക്കുള്ള ബഡ്ജറ്റ് വിഹിതത്തിൽ വർദ്ധന വരുത്തിയിട്ടുണ്ടോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>പട്ടികവര്‍ഗ്ഗ വിദ്യാര്‍ത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങള്‍</u>

3829 ശ്രീ. മോന്‍സ് ജോസഫ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ പട്ടികവര്‍ഗ്ഗ വിദ്യാര്‍ത്ഥികളുടെ ഉന്നമനത്തിനായി ഈ സര്‍ക്കാര്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) പട്ടികവര്‍ഗ്ഗ വിദ്യാര്‍ത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യത്തിനായി ഈ സാമ്പത്തിക വര്‍ഷത്തില്‍ ഇതുവരെ ചെലവഴിച്ച തുക എത്രയെന്ന് വിശദമാക്കാമോ;

(സി) പട്ടികവര്‍ഗ്ഗ വിഭാഗത്തില്‍പ്പെട്ട ഐ. ടി. ഐ. വിദ്യാര്‍ത്ഥികളുടെ സ്റ്റൈപ്പെന്റ് വര്‍ദ്ധിപ്പിക്കുന്നതിനുള്ള നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസ നിലവാരം</u>

3830 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, സി. പി. മുഹമ്മദ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് ഈ സർക്കാർ അധികാരമേറ്റ ശേഷം സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ബി) എസ്.എസ്.എൽ.സി, +2, മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷകളിൽ ഉന്നത വിജയം നേടിയവർക്ക് എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നൽകുന്നത്;

(സി) ഈ വിഭാഗക്കാരുടെ ഹോസ്റ്റൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ</u>

3831 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും**
**കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൽകിവരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>പട്ടികവര്‍ഗ്ഗക്കാരായ വിദ്യാര്‍ത്ഥികള്‍ക്ക് സൈക്കിള്‍</u>

3832 ശ്രീ. എ.കെ. ബാലന്‍
'' ബാബു എം. പാലിശ്ശേരി
'' സി. കൃഷ്ണന്‍
'' കെ. കുഞ്ഞിരാമന്‍ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പട്ടികവര്‍ഗ്ഗക്കാരായ വിദ്യാര്‍ത്ഥികള്‍ക്ക് സൈക്കിള്‍ വാങ്ങി നല്‍കാന്‍ തീരുമാനിച്ചിരുന്നോ ;

(ബി) ഈ തീരുമാനം നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണിതിനകം സ്വീകരിച്ചിട്ടുള്ളത് ;

(സി) സൈക്കിള്‍ വാങ്ങുന്നതിനുള്ള ടെണ്ടര്‍ വിളിച്ചിട്ടുണ്ടോ ; എത്ര സൈക്കിളുകള്‍ ലഭിക്കുകയുണ്ടായി ; ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും ആക്ഷേപങ്ങള്‍ ഉണ്ടായിട്ടുണ്ടോ ; ഇതിന്മേല്‍ എന്തു തീരുമാനം കൈക്കൊണ്ടു ;

(ഡി) മൊത്തം എത്ര സൈക്കിളുകള്‍ വാങ്ങാനായിരുന്നു തീരുമാനിച്ചിരുന്നത് ;

(ഇ) ഇതുമായി ബന്ധപ്പെട്ട എന്തെങ്കിലും നടപടി കേരള ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ടോ ; എങ്കില്‍ സാഹചര്യം എന്തായിരുന്നു ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>പട്ടികവർഗ്ഗവിഭാഗങ്ങളുടെ ഉന്നമനം</u>

3833 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും **വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിന് വേണ്ടി മാത്രം എത്ര സർക്കാർ ജീവനക്കാരെ ഓരോ ജില്ലയിലും നിയമിച്ചിട്ടുണ്ട് ;

(ബി) പട്ടികവർഗ്ഗ ജീവനക്കാരുടെ ഇടയിൽ പ്രവർത്തിച്ചു വരുന്നവരുടെ പ്രധാന ചുമതലകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) ഇവരുടെ പ്രവർത്തനം പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിന് എത്രത്തോളം പ്രയോജനപ്പെട്ടു എന്ന് വിശദീകരിക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>അവിവാഹിതരായ ആദിവാസി അമ്മമാർക്കുള്ള ധനസഹായം</u>

T3834 ശ്രീ. എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെ എത്ര അവിവാഹിതരായ ആദിവാസി അമ്മമാർ ഉണ്ട് എന്ന കണക്ക് ലഭ്യമാണോ;

(ബി) 300 രൂപയിൽ നിന്നും 1000 രൂപയായി വർദ്ധിപ്പിച്ച ധനസഹായം അവരിൽ എത്ര പേർക്ക് ലഭിക്കുന്നുണ്ട്;

(സി) തുക വർദ്ധിപ്പിച്ചതിന് ശേഷം ഇതനായി എത്ര രൂപ സർക്കാർ ചെലവഴിച്ചിട്ടുണ്ട്?

# കേരള നിയമസഭ
# 17.10.2011-ലെ മറുപടിക്ക്

<u>പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ ചികിത്സാ സഹായങ്ങൾ</u>

3835 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടിക വർഗ്ഗ വിഭാഗങ്ങളിൽപെടുന്ന രോഗികൾക്ക് സർക്കാരിൽ നിന്ന് എന്തെല്ലാം ചികിത്സാ സഹായങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കാമോ;

(ബി) ഓരോ സഹായവും ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>രാജീവ്ഗാന്ധി റസിഡൻഷ്യൽ സ്കൂളിലെ അടിസ്ഥാന സൗകര്യങ്ങൾ</u>

3836 ശ്രീ. ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പട്ടികവർഗ്ഗക്ഷേമ വിഭാഗത്തിൽപ്പെട്ട കാട്ട്നായ്ക്ക വിഭാഗത്തിലെ കുട്ടികൾക്ക് പഠിക്കുവാനുള്ള കേരളത്തിലെ ഏകവിദ്യാലയമായ രാജീവ്ഗാന്ധി റസിഡൻഷ്യൽ സ്ക്കൂളിൽ ഓരോ അദ്ധ്യയന വർഷത്തിലും ധാരാളം വിദ്യാർത്ഥികൾക്ക് അഡ്മിഷൻ ലഭിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കൂളിൽ പുതിയ ഡിവിഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഈ വിദ്യാലയത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 17.10.2011-ലെ മറുപടിക്ക്

ആറളം ഫാമിലെ ആദിവാസികളുടെ പട്ടയം

3837 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 മേയ് 18 ന് ശേഷം വനാവകാശ നിയമപ്രകാരം ആദിവാസികൾക്ക് ഭൂമി പതിച്ചു നൽകുവാൻ എന്നു കൂടിയ (ഡി.എൽ.സി.) ജില്ലാതല കമ്മിറ്റിയും (എസ്.ഡി.സി.) സബ് ഡിവിഷൻ കമ്മിറ്റി യുമാണ് നടപടികൾ പൂർത്തികരിച്ചത്, ജില്ല തിരിച്ചുള്ള തീരുമാനങ്ങൾ അറിയിക്കാമോ;

(ബി) ആറളം ഫാമിലെ എത്ര ഭൂരഹിത ആദിവാസി കുടുംബങ്ങൾക്ക് 2011 മേയ്18 ന് ശേഷം പട്ടയം നൽകി; പ്രസ്തുത പട്ടയത്തിന്റെ നടപടിക്രമങ്ങൾ പൂർത്തികരിച്ചത് എപ്പോഴാണ്;

(സി) പ്രസ്തുത ഫാമിൽ 2006 മേയ് 18 മുതൽ 2011 മേയ് 18 നുള്ളിൽ എത്ര ആദിവാസികൾക്ക് പട്ടയം നൽകിയിട്ടുണ്ട്;

(ഡി) ഫാമിൽ ഇനി പട്ടയം കൊടുക്കാൻ എത്ര ഏക്കർ ഭൂമി ബാക്കിയുണ്ട്;

(ഇ) ഈ ഫാമിലെ ആദിവാസികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് രൂപീകരിച്ച സർക്കാർ നിയന്ത്രണത്തിലുള്ള ആറളം ഫാം കോർപ്പറേഷൻ മുഖേന എത്ര ആദിവാസികൾക്ക്തൊഴിൽ ലഭ്യമാക്കി; ഇത് വഴി ഓരോ ആദിവാസിക്കും ദിവസേന കിട്ടുന്ന വേതനം എത്രയാണ്എന്ന് വിശദീകരിക്കാമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>ആറളം ഫാമിലെ ആദിവാസി പുനരധിവാസ ഭവന നിർമ്മാണം</u>

3838

ശ്രീ. സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭവനനിർമ്മാണത്തിനായി നൽകിയിരുന്ന സഹായധനം വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര; വിശദമാക്കുമോ;

(ബി) ആറളം ഫാമിലെ ആദിവാസി പുനരധിവാസ പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുന്ന വീടുകളുടെ പണി പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ

# 17.10.2011-ലെ മറുപടിക്ക്

<u>കാസർഗോഡ് മാനടുക്കയിൽ കുടിവെള്ള പദ്ധതി</u>

3839 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മാനടുക്കയിൽ ശാസ്ത്രിനഗർ കോളനിയിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പൂൾഡ് ഫണ്ടിൽ നിന്ന് തുക അനുവദിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ;

(ബി) പ്രസ്തുത തുക ഉപയോഗിച്ച് കുടിവെള്ള പദ്ധതിയുടെ പണി ആരംഭിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ;

(ഡി) അനുവദിച്ച തുക നൽകി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ അറിയിക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>കൽപ്പറ്റ നിയോജകമണ്ഡലത്തിലെ ഭവന നിർമ്മാണ പദ്ധതികൾ</u>

3840 ശ്രീ. എം. വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും**
**കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിൽ കഴിഞ്ഞ രണ്ട് വർഷങ്ങളിൽ ട്രൈബൽ വകുപ്പ് മുഖേന നടപ്പിലാക്കിയ ഭവന നിർമ്മാണ പദ്ധതികൾ ഏതെല്ലാമെന്ന് പഞ്ചായത്തുതല വിശദാംശം നൽകുമോ;

(ബി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പദ്ധതി ഏറ്റെടുത്തതെന്നും അവയിൽ പണി പൂർത്തീകരിച്ചതും പൂർത്തീകരിക്കാത്തതുമായ ഭവനങ്ങൾ ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

(സി) തരിയോട് ഗ്രാമപഞ്ചായത്തിലെ പൂലിക്കോട്കുന്ന് കാട്ടുനായ്ക്ക കോളനിയിലെ രാജൻ, കുഞ്ഞിരാമൻ എന്നിവരുടെ വീടുകൾ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>തൊഴിലിന് അർഹരായവരുടെ ലിസ്റ്റ് ഓൺലൈനായി തയ്യാറാക്കാനുള്ള സംവിധാനം</u>

3841 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ വകുപ്പിന്റെ കീഴിൽ വിവിധ തൊഴിലിന് അർഹരായവരുടെ ലിസ്റ്റ് ഓൺലൈനായി തയ്യാറാക്കുവാനുള്ള ഒരു സംവിധാനമുണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) വിവിധ തൊഴിൽ മേഖലകളിൽ ലഭ്യമാകുന്ന തൊഴിലവസരങ്ങൾ പ്രസ്തുത ലിസ്റ്റിലുള്ളവർക്ക് പ്രയോജനപ്പെടുത്താനുള്ള സൗകര്യവും, സംവിധാനവും ഏർപ്പെടുത്തുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>ആദിവാസികളെ അന്യ സംസ്ഥാനങ്ങളിലേക്ക് ജോലിക്ക് കൊണ്ടുപോകുന്നത് തടയാൻ നിയമം</u>

3842 ശ്രീ. ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ നിന്ന് അന്യസംസ്ഥാനങ്ങളായ കർണ്ണാടകത്തിലും തമിഴ്നാട്ടിലും പോയ ആദിവാസി വിഭാഗത്തിൽപ്പെടുന്ന 30 ഓളം പേർ പല ഘട്ടങ്ങളിലായി അവിടെവെച്ച് മരിക്കാൻ ഇടയായിട്ടുണ്ട് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മറ്റ് സംസ്ഥാനത്ത് വച്ച് മരണപ്പെട്ടത് മൂലം അവിടെ പോസ്റ്റ്മോർട്ടം നടത്തിയത്കൊണ്ടും കേരളത്തിൽ മരണം രജിസ്റ്റർ ചെയ്യാൻ കഴിയുന്നില്ല എന്നും മരിച്ചവരുടെ ആശ്രിതർക്ക് സർക്കാർ ആനുകൂല്യങ്ങൾ ലഭിക്കുവാൻ സാദ്ധ്യതയില്ല എന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അന്യ സംസ്ഥാനങ്ങളിൽ ആദിവാസി വിഭാഗത്തിൽപെട്ട ആളുകളെ ജോലിക്ക് കൊണ്ട്പോകുന്നത് തടയാൻ നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>കാസർഗോഡ് ബേഡഡുക്ക പഞ്ചായത്തിലെ കുണ്ടംകുഴിയിൽ</u>
<u>പ്രീ-മെട്രിക് ഹോസ്റ്റൽ</u>

3843 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ബേഡഡുക്ക പഞ്ചായത്തിലെ കുണ്ടംകുഴി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിനോട് ചേർന്ന് എസ്.ടി. പെൺകുട്ടികൾക്കായി പ്രീ-മെട്രിക് ഹോസ്റ്റൽ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) ഇതിനായി റവന്യൂ വകുപ്പ് എസ്.ടി. വകുപ്പിന് ഭൂമി കൈമാറിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) എങ്കിൽ ഈ വിദ്യാഭ്യാസ വർഷം തന്നെ പ്രസ്തുത ഹോസ്റ്റൽ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>നേര്യമംഗലം പ്രീമെട്രിക് ഹോസ്റ്റൽ</u>

3844 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിലെ നേര്യമംഗലത്തെ പ്രീമെട്രിക് ഹോസ്റ്റലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്;

(ബി) പ്രസ്തുത പ്രീമെട്രിക് ഹോസ്റ്റലിന്റെ നിർമ്മാണത്തിന് കാലതാമസം ഉണ്ടായിട്ടുണ്ടോ; കെട്ടിടനിർമ്മാണം എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ പെരിയയിൽ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ</u>

3845 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പെൺകുട്ടികൾക്കായി പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ ഇല്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ കേന്ദ്ര യൂണിവേഴ്സിറ്റി, പെരിയ ഗവൺമെന്റ് പോളിടെക്നിക്, ഉദുമ ഗവൺമെന്റ് ഐ.ടി.ഐ, ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്, ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകൾ തുടങ്ങിയ സ്ഥാപനങ്ങൾ സ്ഥിതിചെയ്യുന്ന പെരിയയിൽ എസ്.ടി. പെൺകുട്ടികൾക്കായി ഒരു പോസ്റ്റ് മെട്രിക്ക് ഹോസ്റ്റൽ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>പയ്യന്നൂർ നിയോജകമണ്ഡലത്തിലെ പട്ടികവർഗ്ഗ കോളനിയിലെ ഭൗതിക സാഹചര്യങ്ങൾ</u>

3846 ശ്രീ.സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പയ്യന്നൂർ നിയോജകമണ്ഡലത്തിൽ നിലവിൽ എത്ര പട്ടികവർഗ്ഗ കോളനികൾ ഉണ്ട് ;

(ബി) പ്രസ്തുത കോളനികളിലെ ഭൗതിക സാഹചര്യത്തിന്റെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>ആദിവാസികൾക്ക് കൂടുതൽ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് കടാശ്വാസ പദ്ധതി</u>

3847 ശ്രീ. ജോസഫ് വാഴക്കൻ
,, പാലോട് രവി
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടക്കെണിയിൽപ്പെട്ട് ഉഴലുന്ന ആദിവാസികളെ സഹായിക്കുന്നതിനായി എന്തെല്ലാം ആശ്വാസനടപടികളാണ് കൈക്കൊണ്ടിട്ടുളളത്;

(ബി) ഒരു നിശ്ചിത കാലയളവുവരെയുളള കടങ്ങൾ എഴുതിത്തളളുന്നതിനെക്കുറിച്ച് ആലോചിക്കുമോ;

(സി) ആദിവാസികൾക്ക് കൂടുതൽ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് ഉതകുന്ന രീതിയിൽ ഒരു കടാശ്വാസ പദ്ധതിക്ക് രൂപം നൽകുമോ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>അതിരപ്പിള്ളി പഞ്ചായത്തിലെ ആദിവാസി കോളനികളിൽ വൈദ്യുതി</u>

3848

ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി പഞ്ചായത്തിലെ വാച്ചുമരം, തവളക്കുഴിപ്പാറ, മുക്കംപുഴ, അടിച്ചിൽതൊട്ടി, അരേക്കാപ്പ് തുടങ്ങിയ ആദിവാസി കോളനികളിൽ നിലവിലുള്ള സൗരോർജ്ജ സംവിധാനം പലപ്പോഴും ഫലപ്രദമായി പ്രവർത്തിക്കാത്തതിനാൽ വൈദ്യുതി കൃത്യമായി ലഭിക്കാത്ത അവസ്ഥയാണുള്ളത് എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മേൽപ്പറഞ്ഞ ആദിവാസി കോളനികളിലെല്ലാം വൈദ്യുതി ലൈൻ വലിച്ച വൈദ്യുതി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) വാച്ചുമരം ആദിവാസി കോളനി നിവാസികൾക്ക് വീട് വയ്ക്കുന്നതിനും കൃഷി ചെയ്യുന്നതിനും സ്ഥലമില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവർക്കാവശ്യമായ ഭൂമി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.10.2011–ലെ മറുപടിക്ക്

ദേവികുളം നിയോജകമണ്ഡലത്തിലെ എസ്.ടി
കുടുംബങ്ങൾക്കുള്ള ഭവന നിർമ്മാണം

3849 ശ്രീ.എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ ഭവനരഹിതരായ എത്ര എസ്.ടി.കടുംബങ്ങൾ ഉണ്ട് ; കോളനിതിരിച്ച് എണ്ണം വ്യക്തമാക്കുമോ ;

(ബി) നിലവിൽ ഏതെല്ലാം എസ്.ടി.കോളനികളിൽ ഭവന നിർമ്മാണ പദ്ധതികൾ നടന്നുവരുന്നുണ്ട് ; എത്ര വീതം എന്ന് കോളനി തിരിച്ച് വ്യക്തമാക്കുമോ ;

(സി) ഏതെല്ലാം ഇംപ്ലിമെന്റിംഗ് ഏജൻസികളാണ് പ്രവർത്തികൾ ചെയ്യുന്നത് ; 5 വർഷത്തിലധികമായി പൂർത്തിയാകാത്ത പദ്ധതികൾ ഉണ്ടോ ; ഏത് ഏജൻസിയാണ് ചെയ്യുന്നത് ;

(ഡി) ഏജൻസികൾക്ക് ഫണ്ട് ലഭ്യമല്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത പദ്ധതികൾ പൂർത്തിയാക്കുന്നതിനാവശ്യമായ പണം നൽകുമോ ;

(ഇ) പദ്ധതികൾ എന്ന് പൂർത്തിയാക്കി വീടുകൾ കൈമാറാൻ കഴിയും എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെ അതിക്രമം

3850

ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെ അതിക്രമം നടന്നതായിട്ട് എടുത്തിട്ടുള്ള കേസ്സുകളിൽ പലതിലും ശരിയായ തോതിൽ അന്വേഷണം നടക്കാത്തതുമൂലം പ്രതികൾ രക്ഷപ്പെടുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>കൂമ്പാറ ട്രൈബൽ എൽ.പി. സ്കൂളിന് കെട്ടിടം</u>

3851 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി നിയോജക മണ്ഡലത്തിലെ കൂമ്പാറ ട്രൈബൽ എൽ. പി. സ്കൂളിന് കെട്ടിടം നിർമ്മിക്കാൻ അനുമതിയും, ഫണ്ടും നൽകണമെന്ന ആവശ്യത്തിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;

(ബി) ഇപ്പോൾ സ്കൂൾ പ്രവർത്തിച്ചു വരുന്ന കെട്ടിടം ജീർണ്ണാവസ്ഥയിലാണെന്ന് കണക്കിലെടുത്ത് പുതിയ കെട്ടിടം നിർമ്മിക്കാൻ അനുമതിയും ഫണ്ടും നൽകി കെട്ടിടം പണി പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>നിബിഡവനങ്ങളിൽ നിന്ന് ആദിവാസികളെ മാറ്റിപ്പാർപ്പിക്കാൻ പദ്ധതികൾ</u>

3852 ശ്രീ. ബെന്നി ബെഹനാൻ
'' ഡൊമിനിക് പ്രസന്റേഷൻ
'' സി. പി. മുഹമ്മദ്
'' അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിബിഡവനങ്ങളിൽ താമസിക്കുന്ന ആദിവാസികളെ മാറ്റിപാർപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ മുമ്പിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) ഈ പദ്ധതിയ്ക്ക് കേന്ദ്ര സഹായം ലഭ്യമാണോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 17.10.2011-ലെ മറുപടിക്ക്

<u>വംശനാശം നേരിടുന്ന പക്ഷിമൃഗാദികൾ</u>

3853 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും** വകുപ്പു മന്ത്രി

സദയം മറുപടി നൽകുമോ:

(എ) വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന ഏതെല്ലാം മൃഗങ്ങളും പക്ഷികളും മൃഗശാലകളിൽ സൂക്ഷിച്ചു വരുന്നുവെന്ന് അറിയിക്കുമോ ;

(ബി) ഇവ അന്യം നിന്ന് പോകാതിരിക്കാൻ മൃഗശാലാ അധികൃതർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?